19. ചുനക്കര ഗ്രാമപഞ്ചായത്ത്പുലിപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി.

20. ചുനക്കര ഗ്രാമപഞ്ചായത്ത് കാഞ്ഞിരവിള കോളനി കുടിവെള്ള പദ്ധതി.

21. ചുനക്കര ഗ്രാമപഞ്ചായത്ത് ചിറവരമ്പിൽ കോളനി കുടിവെള്ള പദ്ധതി.

22. ചുനക്കര ഗ്രാമപഞ്ചായത്ത് കടക്കത്തറ കോളനി കുടിവെള്ള പദ്ധതി.

23. ജില്ലാ പഞ്ചായത്ത് കടുവിനാൽ കുടിവെള്ള പദ്ധതി.

24. ജില്ലാ പഞ്ചായത്ത് ഇടവനമുക്ക് കുടിവെള്ള പദ്ധതി.

25. പാണവേലിയിൽ കോളനി കുടിവെള്ള പദ്ധതി-ഭൂജല വകുപ്പ് വരൾച്ചാദുരിതാശ്വാസം.

26. കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടി ഭരണിക്കാവ് വെട്ടിക്കോട് ട്യൂബ് വെൽ നിർമ്മാണം.

27. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് ആര്യാട്ടുവിള കോളനി കുടിവെള്ള പദ്ധതി-കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടി.

ജലസമ്പത്ത് സംരക്ഷിക്കൽ

205 (870) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടേയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) വിവിധ ജില്ലകളിലായി ഉപയോഗശൂന്യമായിക്കിടക്കുന്ന കുളങ്ങളും മറ്റ് ജലാശയങ്ങളും നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനും ജലസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ ഈ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജലാശയങ്ങളുടെ സംരക്ഷണത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ, നബാർഡ് ഒരുപഞ്ചായത്തിൽ ഒരു കുളം പദ്ധതി, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽപ്പെടുത്തിയുള്ള പദ്ധതികൾ തുടങ്ങിയവ സാമ്പത്തിക ലഭ്യതയനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്ന തിനുതകുന്നരീതിയിൽ തടയണകളുടെ നിർമ്മാണം, ഉപ്പ് വെള്ളം പ്രതിരോധി ക്കുന്നതിന് തടയണകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം, നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി നദീതട അടിസ്ഥാനത്തിൽ കളങ്ങളുടെ നവീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കായലുകൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിനായി സി.ഡബ്ല്യു.ആർ.ഡി.എം. തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പൊതു കളങ്ങളുടെ കണക്കെടുപ്പ് പൂർത്തീ കരിച്ചിട്ടുണ്ട്.

പയ്യന്നൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

206 (871) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പയ്യന്നൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് പ്രവൃത്തി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ബി) മൈനർ ഇറിഗേഷൻ, ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ &ബി) ജലസേചന വകുപ്പ്

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക	നിലവിലുള്ള സ്ഥിതി
1	2	3	4
1	ചെറുപുഴ പഞ്ചായത്തിൽ മുതുവം തോടിന് കുറുകെ പള്ളം എന്ന സ്ഥലത്ത് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	23.94 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.
2	ചെറുപുഴ പഞ്ചായത്തിൽ ചിറ്റാരി തോടിന് കുറുകെ പ്രൊപ്പെയിൽ എന്ന സ്ഥലത്ത് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	45.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly